LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ഓരോ വർഷവും പരസ്യയിനത്തിനായി നീക്കിവയ്ക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ:

സാമ്പത്തിക വർഷം	ബഡ്ജറ്റ് വിഹിതവും അധിക ഫണ്ടും ഉൾപ്പെടെയുള്ള തുക
2011-2012	36 കോടി 90 ലക്ഷം രൂപ
2012-2013	23 കോടി രൂപ
2013-2014	22 കോടി രൂപ
2014-2015	30 കോടി രൂപ
2015-2016	22 കോടി രൂപ

പരസ്യയിനത്തിൽ ചെലവഴിച്ച തുക

72 (2904) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ എത്ര തുക ഖജനാവിൽ നിന്നും ചെലവഴിച്ചു പത്ര-ദൃശ്യ മാധ്യമങ്ങൾ, മറ്റുള്ളവ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ഒന്നാംഘട്ട, രണ്ടാംഘട്ട ജനസമ്പർക്ക പരിപാടികളുടെ പരസ്യങ്ങൾ ഉൾപ്പെടെയുള്ള പബ്ലിസിറ്റിക്കായി സംസ്ഥാനത്തിനകത്ത് ചെലവഴിച്ച തുക എത്ര; സംസ്ഥാനത്തിന് പുറത്ത് ചെലവഴിച്ച തുക എത്ര; പത്ര-ദൃശ്യ മാധ്യങ്ങൾ, മറ്റുള്ളവ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) 2014 ഫെബ്രുവരി 11, മാർച്ച് 2 എന്നീ രണ്ട് ദിവസങ്ങളിൽ സർക്കാർ ആയിരം ദിനം പൂർത്തിയാക്കുന്നത് സംബന്ധിച്ച പരസ്യയിനത്തിൽ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് ചെലവഴിച്ച തുക എത്ര; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ റിലീസ് ചെയ്ത പരസ്യങ്ങളുടെ ഇനത്തിൽ കുടിശ്ശികയായി നൽകാനുള്ള തുക പത്ര-ദൃശ്യ മാധ്യമങ്ങൾ, മറ്റുള്ളവ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പി.ആർ.ഡി. നിരക്ക് പ്രകാരമല്ലാതെ ഈ സർക്കാർ പരസ്യയിനത്തിൽ എത്ര തുക ചെലവഴിച്ചു; ഏതെല്ലാം പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് എത്ര തുകവീതം എന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ ഏകദേശം 136,53,34,327 രൂപ ഖജനാവിൽ നിന്നും ചെലവഴിച്ചു. ഇതിൽ 30,79,72,083 രൂപ മുൻ സർക്കാരിന്റെ കാലത്തെ കുടിശ്ശികയിനത്തിൽ ചെലവഴിച്ചിട്ടുള്ളതാണ്.

(ബി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളുടെ പരസ്യത്തിനായി പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് ഏകദേശം 1,27,73,725 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) 2014 ഫെബ്രുവരി 11, മാർച്ച് 2 എന്നീ രണ്ട് ദിവസങ്ങളിൽ സർക്കാർ ആയിരം ദിനം പൂർത്തിയാക്കുന്നത് സംബന്ധിച്ച പരസ്യയിനത്തിൽ ദൃശ്യ പത്ര മാധ്യമങ്ങൾക്ക് ഏകദേശം 2,46,12,071 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ റിലീസ് ചെയ്ത പരസ്യങ്ങളുടെ ഇനത്തിൽ ഏകദേശം 35 കോടി രൂപ കുടിശ്ശികയായി നൽകാനുണ്ട്. ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല.

(ഇ) മലയാള മനോരമ, മാതൃഭൂമി എന്നീ ദിനപ്പത്രങ്ങൾക്ക് അവരുടെ അംഗീകൃത കാർഡ് റേറ്റിന്റെ 30% ഡിസ്കൗണ്ട് ഈടാക്കി കളർ പരസ്യം നൽകിയ വകയിൽ 1,26,20,486 രൂപ ചെലവഴിച്ചിട്ടുണ്ട്.

പത്ര ജീവനക്കാരുടെ പെൻഷൻ

73 (2905) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ പരിശോധിച്ച് പെൻഷൻ നൽകുന്നതിൽ വളരെയേറെ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) പെൻഷൻ ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് നിലവിൽ പരിഗണനയിലുള്ളതെന്നും എത്രനാൾ മുൻപുവരെ സമർപ്പിച്ച അപേക്ഷകളാണ് ഇക്കൂട്ടത്തിലുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പത്രപ്രവർത്തകർക്ക് ക്ഷേമനിധി ആരംഭിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ക്ഷേമനിധി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) പത്രമേഖലയിൽ പുതിയ വേജ് ബോർഡ് വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?